# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ജൂലൈ 6**

---

## എം.ജി ബിഎഡ് പ്രവേശനം; ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ബിഎഡ് പ്രോഗ്രാമുകളിൽ ഏകജാലക പ്രവേശനത്തിനുള്ള ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ ഒൻപതിന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ പ്രവേശനം നേടണം.

താത്കാലിക പ്രവേശനം തെരഞ്ഞടുക്കുന്നവർ കോളേജുകളിൽ ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കിയാൽ മതിയാകും. ഒന്നാം ഓപ്ഷൻ ലഭിച്ചവരും സ്ഥിര പ്രവേശനം തെരഞ്ഞെടുത്തവരും ഈ സമയപരിധിക്കുള്ളിൽ കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടണം.

പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.

(പി.ആർ.ഒ/39/564/2024)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബിവോക്ക് വിഷ്വൽ മീഡിയ ആന്റ് ഫിലിം മേക്കിംഗ് (ന്യൂ സ്കീം 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ് റീ അപ്പിയറൻസ്) പരീക്ഷകൾ ജൂലൈ 22 ന് ആരംഭിക്കും.

(പി.ആർ.ഒ/39/565/2024)

## പരീക്ഷക്ക് അപേക്ഷിക്കാം

പത്താം സെമസ്റ്റർ ഐഎംസിഎ (2019 അഡ്മിഷൻ റെഗുലർ,2017,2018 അഡ്മിഷൻ സപ്ലിമെൻറ്റി) ഡിഡിഎംസിഎ (2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് ) പരീക്ഷയ്ക്ക് ജൂലൈ 15 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ജൂലൈ 19ന് ഫൈനോടു കൂടിയും ജൂലൈ 20 ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/566/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൻ റീലേഷൻസ് ആന്റ് പൊളിറ്റിക്സിൽ എംഎ പെളിറ്റിക്സ് ആൻറ് ഹ്യുമൻ റൈറ്റ്സ് പ്രോഗ്രാമിൽ പട്ടിക ജാതി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 10 ന് രാവിലെ 11 ന് വകപ്പ് ഓഫീസിൽ എത്തണം.

...........................

സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജിയിൽ എംഎസ്സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആന്റ് ടേക്നോളജി പ്രോഗ്രാമിന് പട്ടികജാതി വിഭാഗത്തിൽ രണ്ടെണ്ണം ഉൾപ്പെടെ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ ഒൻപതിന് ഓഫിസിൽ നേരിട്ട് എത്തണം. കൂടുതൽ വിവരങ്ങൾ http://cat.mgu.ac.in/schoolpolymer.php എന്ന ലിങ്കിൽ. ഫോൺ-9562578730,9400201036

...........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോടെക്നോളജിയിൽ (ഐഐയുസിഎൻഎൻ) എംടെക്ക് പോളിമർ സയൻസ് ആന്റ് എൻജിനീയറിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ ഒൻപതിന് രാവിലെ ഓഫിസിൽ നേരിട്ട് എത്തണം.

കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ(https://iiucnn.mgu.ac.in/).

ഫോൺ- (8075696733,9744278352)

(പി.ആർ.ഒ/39/567/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക്ക് സൗണ്ട് എൻജിനീയറിംഗ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപതിന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

...........................

നാലാം സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 സി.ബി.സി.എസ്. (ന്യൂ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017, 2018, 2019, 2020, 2021 അഡ്മിഷൻ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപതിന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

......................

നാലാം സെമസ്റ്റർ എംഎസ്സി ഫിസിക്സ്, സ്പേസ് സയൻസ് (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷൻ റീ അപ്പീയറൻസ് ഏപ്രിൽ 2024 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ ഒൻപതിന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/568/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎ ഹിന്ദി സിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂലൈ 11 ന് ആരംഭിക്കും.

...........................

നാലാം സെമസ്റ്റർ എംകോം ആന്റ് എംസിഎം. (സി.എസ്.എസ് 2022 അഡ്മിഷൻ റെഗുലർ, 2019,2020,2021 അഡ്മിഷൻ റീ അപ്പീയറൻസ ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂലൈ ഒൻപതിന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/569/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**